"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ പഞ്ചായത്ത്- സഞ്ചരിക്കുന്ന മൃഗാശുപത്രി സജ്ജീകരിക്കുന്നതിനായി വിവിധ ഉപകരണങ്ങൾ വാഹനത്തിനുള്ളിൽ ഘടിപ്പിച്ചത് -ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ.(സാധാ) നം.517/2022/LSGD തീയതി,തിരുവനന്തപുരം, 05-03-2022

പരാമർശം:-

1. കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28/01/2019ലെ- എ8-1908/2014നമ്പർ കത്ത്.
2. കൊല്ലം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 26/12/2018ലെ 4(1) നമ്പർ തീരുമാനം
3. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 05/08/2021 ലെ- ഡി.കെ.എസ്സ്.എ . പി.റ്റി/675/2021 നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം ജില്ലാ പഞ്ചായത്ത് 2013-14 വർഷം മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സഞ്ചരിക്കുന്ന മൃഗാശുപത്രി നവീകരണം എന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മൃഗാശുപത്രി സജ്ജീകരിക്കുന്നതിനായി വിവിധ ഉപകരണങ്ങൾ വാഹനത്തിനുള്ളിൽ ഘടിപ്പിച്ച വകയിൽ 255645/-രൂപ (രണ്ടു ലക്ഷത്തി അമ്പത്തി അയ്യായിരത്തി അറുനൂറ്റി നാല്പത്തി അഞ്ചു രൂപ മാത്രം )ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം:(1) പ്രകാരം അപേക്ഷിക്കുകയുണ്ടായി. സഞ്ചരിക്കുന്ന മൃഗാശുപത്രി സജ്ജീകരിക്കുന്നതിനായി വിവിധ ഉപകരണങ്ങൾ വാഹനത്തിനുള്ളിൽ ഘടിപ്പിക്കേണ്ടിയിരുന്നുവെന്നും, ഇതിന് മറ്റാരും തയ്യാറാകാതിരുന്നതിനാലാണ് സിഡ്കോയെ ചുമതലപെടുത്തിയതെന്നും സിഡ്കോ ഫിറ്റിംഗ് ചാർജ് ഉൾപ്പടെയുള്ള ബിൽ നൽകിയതുകൊണ്ടാണ് ചില ഘടകങ്ങളുടെ വില അധികരിച്ചതായി കാണുന്നത് എന്നും നിർവഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി.

2) പ്രോജക്റ്റ് നിർവഹണവുമായി ബന്ധപ്പെട്ട് വാങ്ങിയ ഉപകരണങ്ങളുടെ ഫിറ്റിംഗ് ചാർജ് ഉൾപ്പടെയുള്ള 2,55,645/- രൂപയാണ് ഓഡിററ് തടസ്സപ്പെടുത്തിയത്. എന്നാൽ ജില്ലാ പഞ്ചായത്തിന് യഥാർത്ഥത്തിൽ 2,55,645/- രൂപയുടെ നഷ്ടം ഉണ്ടായിട്ടില്ല എന്നും മാർക്കറ്റ് വിലയിലും അധികമായി ചില ഇനങ്ങൾക്ക് നൽകിയ തുക മാത്രമേ ജില്ലാ പഞ്ചായത്തിന് നഷ്ടം വന്നിട്ടുള്ളു എന്നും സെക്രട്ടറി വിശദീകരിച്ചിരിക്കുന്നു. കൂടാതെ മൃഗാശുപത്രി സജ്ജീകരിക്കുന്നതിനായി വിവിധ ഉപകരണങ്ങൾ വാഹനത്തിനുള്ളിൽ ഘടിപ്പിക്കേണ്ടിയിരുന്നുവെന്നും ഇതിന് പ്രാദേശിക വിതരണ ഏജൻസികൾ തയ്യാറാകാതിരുന്നതിനാലാണ് സിഡ്കോയെ ചുമതലപ്പെടുത്തിയതെന്നുമുള്ള നിർവഹണോദ്യോഗസ്ഥന്റെ വിശദീകരണം ജില്ലാ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട് എന്നും, പ്രസ്തുത ആംബുലൻസ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നതായും ഓഡിറ്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ഈ പദ്ധതിക്കായി ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധുകരണം നൽകുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായം ഇല്ലെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം(3) പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു..ജില്ലാ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്ത സാഹചര്യത്തിലും പദ്ധതിക്കായി ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധുകരണം നൽകുന്നതിന് സംസ്ഥാന

ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായം ഇല്ലാത്തതിനാലും സഞ്ചരിക്കുന്ന മൃഗാശുപത്രി സജ്ജീകരിക്കുന്നതിനായി വിവിധ ഉപകരണങ്ങൾ വാഹനത്തിനുള്ളിൽ ഘടിപ്പിച്ച കൊല്ലം ജില്ലാ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി,കൊല്ലം ജില്ലാ പഞ്ചായത്ത് .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ